LIBRARY ARCHIVES Kerala Legislative Assembly

## എസ്. എസ്. എൽ. സി. പരീക്ഷയിൽ ഗ്രേഡിംഗ് നൽകുന്ന നടപടി

104 [3282] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ ഗ്രേഡിംഗ് നടപ്പാക്കുമ്പോൾ വൈജ്ഞാനിക മേഖലയിൽ എഴുത്തു പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് സഹവൈജ്ഞാനിക മേഖലയിൽ മാർക്ക് കുറഞ്ഞാൽ പ്രൊമോഷൻ നൽകുന്നതിനോ ഉപരിപഠനം നടത്തുന്നതിനോ മാനദണ്ഡങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എസ്. എസ്. എൽ. സി. പരീക്ഷയുടെ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഗ്രേഡിനോടൊപ്പം മാർക്കു കൂടി നൽകുമോ;

(സി) നൽകുമെങ്കിൽ വരും വർഷങ്ങളിൽ ഈ രീതി തുടരുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതോടെ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ നടത്തുക. വൈജ്ഞാനിക മേഖല പാർട്ട് I, സഹവൈജ്ഞാനിക മേഖല പാർട്ട് II, കുട്ടിയുടെ വ്യക്തിത്വ സവിശേഷതകളും സാമൂഹ്യ കാഴ്ചപ്പാടും പാർട്ട് III എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് മൂല്യനിർണ്ണയം നടത്തുക. പാർട്ട് I-ൽ 9 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗും പാർട്ട് II-ൽ 5 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗും പാർട്ട് III-ൽ 5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗുമാണ് നടത്തുക. ഗ്രേഡിന്റെ ഗ്രേസ് പോയിന്റ് ആവറേജ് കണ്ടതിനുശേഷം അതോടൊപ്പം ഏത് ഗ്രൂപ്പാണോ തെരഞ്ഞെടുക്കുന്നത് അതിന്റെ ആവറേജും പാർട്ട് 2+3 ഇവയുടെ ഗ്രേസ് പോയിന്റ് ആവറേജും കൂട്ടി വെയിറ്റഡ് ഗ്രേസ് പോയിന്റ് ആവറേജും കണക്കിലെടുത്താണ് അഡ്മിഷൻ നടത്തുക. വൈജ്ഞാനിക മേഖല, സഹവൈജ്ഞാനിക മേഖല കുട്ടിയുടെ വ്യക്തിത്വ സവിശേഷതകളും സാമൂഹ്യ കാഴ്ച്ചപ്പാടും തമ്മിലുള്ള റേഷ്യോ 3 :1 :1 എന്നതായതിനാൽ ഒരു കാരണവശാലും വൈജ്ഞാനിക മേഖലയിൽ കൂടിയ സ്കോർ വാങ്ങുന്ന കുട്ടി സഹവൈജ്ഞാനിക മേഖലയിൽ സ്കോർ കുറഞ്ഞാൽ പിന്നിലാകില്ല.

(ബി & സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## എസ്. എസ്. എൽ. സി. ഗ്രേഡിംഗ് — അദ്ധ്യാപകരിൽ നിക്ഷിപ്തമായ അധികാരങ്ങൾ

105 [3283] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയിലെ ഗ്രേഡിംഗ് സമ്പ്രദായം വിദ്യാർത്ഥികളിൽ അമിതഭാരം അടിച്ചേൽപ്പിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സഹവൈജ്ഞാനിക മേഖലയിൽ മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം അദ്ധ്യാപകർ ശരിയായ രീതിയിൽ പാലിക്കുന്നുവോ എന്നറിയുവാൻ എന്താണ് മാർഗ്ഗമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹവൈജ്ഞാനിക മേഖലയിൽ കുട്ടിക്ക് ലഭിക്കുന്ന സ്കോർ പരീക്ഷാ ഭവനിലേയ്ക്ക് അയയ്ക്കുന്നതിനു മുൻപായി സ്കൂളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്. കുട്ടികൾക്ക് പരാതിയോ സംശയമോ ഉണ്ടെങ്കിൽ അപ്പീൽ നൽകാവുന്നതാണ്. ഇതിനായി സ്കൂൾ തലത്തിൽ ഹെഡ്മാസ്റ്റർ, സീനിയർ അസിസ്റ്റന്റ് ഓരോ വിഷയത്തിനുള്ള അദ്ധ്യാപകർ എന്നിവരടങ്ങുന്ന ഒരു അപ്പീൽ കമ്മിറ്റിക്കും, ജില്ലാതലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ മറ്റൊരു അപ്പീൽ കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്.

എസ്. എസ്. എ. പദ്ധതിയുടെ ഘടനയും പ്രവർത്തനരീതിയും

106 [3284] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതിയുടെ ഘടനയും അതിന്റെ പ്രവർത്തന രീതിയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് സംസ്ഥാന (എസ്.പി.ഡി.) ജില്ലാ (ഡി.പി.ഒ.) തലങ്ങളിൽ നിയമിക്കപ്പെട്ടവർ ആരെല്ലാമാണെന്നും ഈ നിയമന ത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ബി.ആർ.സി. ട്രെയിനർമാരായി ഓരോ ജില്ലയിലും ഇതിനകം എത്ര പേരെ നിയമിച്ചുവെന്നും ഈ നിയമനത്തിന്റെ മാനദണ്ഡമെന്തായിരുന്നുവെന്നും വിശദമാക്കാമോ;

(ഡി) എസ്. എസ്. എ. പദ്ധതിക്കായി ഇതിനകം ഓരോ വർഷവും കേന്ദ്ര സംസ്ഥാന ഗവൺമെന്റിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും എന്ത് തുക ലഭിച്ചുവെന്നും അതിൽ എന്തു തുക വീതം ഏതെല്ലാം ഇനങ്ങളിൽ ചെലവഴിച്ചു വെന്നും വ്യക്തമാക്കാമോ;

(ഇ) വികലാംഗരായ കുട്ടികൾക്കായി എസ്. എസ്. എ.-യിൽ ഏതെങ്കിലും പ്രത്യേക പദ്ധതിയുണ്ടോയെന്നും എങ്കിൽ ഇതിനായി എന്ത് തുക ചെലവഴിച്ചു വെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly